**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3871 — 11.11.2019 ൽ മറുപടിക്ക്

## ആലത്തൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതി

| | ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി ആലത്തൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | 2017-18 ലെ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.<br>2018-19 ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ആലത്തൂർ മണ്ഡലത്തിലെ തേൻകുറിശ്ശി, കനിശ്ശേരി എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണ പുരോഗതി അടക്കമുള്ള വിശദാംശവും അറിയിക്കാമോ? | (ബി) | ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ കേന്ദ്രങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ വീതം സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ടി കേന്ദ്രങ്ങളിൽ വൈകുന്നേരം 6 മണി വരെ ഒ.പി.ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ, എൻ.സി.ഡി.ക്ലിനിക് പ്രീ ചെക്ക്, ഔട്ട് റീച്ച് ക്ലിനിക്ക്, പ്രതിരോധ കുത്തിവയ്പുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു.<br>രണ്ടാം ഘട്ടത്തിൽ തെരെഞ്ഞെടുത്തവയിൽ കനിശ്ശേരി പി.എച്ച്.സി.യിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തേങ്കുറിശ്ശി പി.എച്ച്.സി.യിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ